# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 66 Issue No. 2 February 2023 Rs. 15/-








സീറോമലബാർ

മെൽബൺ രൂപതാദ്ധ്യക്ഷനായി നിയമിതനായ

**മോൺ. ജോൺ പനന്തോട്ടം CMI ക്ക്**

എറണാകുളം - അങ്കമാലി മേജർ അതിരൂപതയുടെ

പ്രാർത്ഥനാശംസകൾ!!!

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 66 Issue No. 2 February 2023 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. സീറോമലബാർ സിനഡ് അനന്തര സർക്കുലർ
13. രോഗീദിന സന്ദേശം
19. കെ.സി.ബി.സി. - തിരുബാലസഖ്യദിനം
25. കച്ചേരിക്കാര്യം
26. Transfers/Appointments
28. നിര്യാതരായി
29. വാർത്തകളും വിശേഷങ്ങളും
31. Metropolitan Tribunal
32. വിശ്വാസപരിശീലന കേന്ദ്രം
34. ഫാമിലി അപ്പോസ്റ്റലേറ്റ്
35. ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്സ്
36. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
38. നൈപുണ്യ ഇന്റർനാഷണൽ
40. AICO
41. കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
42. ടീച്ചേഴ്സ് ഗിൽഡ്
42. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kurisumkal John, Muttuchira | 1893 | 1921 | 1-2-1947 |
| Fr. Myalil Thomas, Keechery | 1948 | 1977 | 2-2-2004 |
| Fr. Manavalan Paul, Elavoor (Kunnel) | 1935 | 1963 | 2-2-2018 |
| Fr. Thekkumthala Kunjouseph, Koratty | | | 3-2-1927 |
| Msgr. Vattoly Paul, Kadukutty | 1906 | 1937 | 6-2-1997 |
| Fr. Elamkuttuchira Joseph, Vaikom | 1897 | 1930 | 8-2-1964 |
| Fr. Thachil Francis, Kuthiathodu | 1911 | 1939 | 8-2-1983 |
| Fr. Kakkattuchira Jacob, Kokkamangalam | 1938 | 1964 | 9-2-2015 |
| Msgr. Moothedan Thomas, Meloor | 1911 | 1940 | 11-2-1985 |
| Fr. Chempothanayil Paul, Mevelloor | 1939 | 1966 | 11-2-2022 |
| Fr. Pathiamoola Gheevarghese, Pallipuram | 1891 | 1920 | 12-2-1963 |
| Fr. Koikara Dominic, Kanjoor | 1909 | 1937 | 14-2-1966 |
| Fr. Putharikal Mathew, Ernakulam | 1883 | | 17-2-1956 |
| Fr. Moonjely Thomas TOCD, Chakkarakadavu | 1849 | 1872 | 18-2-1893 |
| Fr. Painadeth Valiya Joseph, Karukutty | 1872 | 1899 | 18-2-1948 |
| Fr. Parayil Jacob, Kudavechoor | 1924 | 1952 | 19-2-2005 |
| Mar Joseph Cardinal Parecattil, Kidangoor | 1912 | 1939 | 20-2-1987 |
| Fr. Manjaly Thomas, Kanjoor | 1880 | 1909 | 21-2-1936 |
| Fr. Kalarikal Geevarghese, Chalil | 1887 | 1915 | 21-2-1963 |
| Fr. Payyappilly Kuriakose, Kanjoor | 1880 | 1909 | 22-2-1940 |
| Fr. Karathuruthil Paul, Valamangalam | 1939 | 1969 | 22-2-2020 |
| Fr. Kandathil Kuriakose, Chembu | 1893 | 1923 | 24-2-1989 |
| Fr. Panapally Joseph, Kudavechoor | 1928 | 1955 | 24-2-2001 |
| Fr. Kachappilly Martin, S. Champanoor | 1968 | 1993 | 25-2-1995 |
| Fr. Vettikkappilly Kuriakose, Vaikom | 1878 | 1902 | 26-2-1947 |
| Fr. Pynadath Sebastian, Karukutty | 1948 | 1973 | 27-2-2021 |
| Fr. Arackaparambil Isaac, Muttom | 1903 | 1933 | 28-2-1960 |
| Fr. Thachil Francis, N. Kuthiathode (Old) | 1934 | 1961 | 28-2-2017 |

Prot. No. 0029/2023

# സിനഡ് അനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും
സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും
എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമത് സിനഡിന്റെ ഒന്നാമത്തെ സമ്മേളനം മൂന്നു ദിവസങ്ങളിലെ ധ്യാനത്തിനും പ്രാർത്ഥനകൾക്കുംശേഷം ജനുവരി 9 മുതൽ 14 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡ് പിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

തന്റെ അഗാധമായ ദൈവികജ്ഞാനംകൊണ്ടും മാതൃകാപരമായ വിശുദ്ധജീവിതംകൊണ്ടും തിരുസഭയെ നയിച്ച ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് സിനഡു സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളുടെ കാലത്തു സഭാനൗകയെ ധീരമായി നയിച്ച ബെനഡിക്ട് പാപ്പായോടു സഭയ്ക്കു വലിയ കടപ്പാടുണ്ട്. നമ്മുടെ സഭയുടെ വളർച്ചയ്ക്കു സഹായകമായ നിർണായകമായ ഒട്ടേറെ തീരുമാനങ്ങൾ എടുത്ത ബെനഡിക്ട് പാപ്പായുടെ ഹൃദയത്തിൽ സീറോമലബാർസഭയ്ക്കു സവിശേഷമായ സ്ഥാനമുണ്ടായിരുന്നു. റോമിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ബെനഡിക്ട് പാപ്പായുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ നമ്മുടെ സഭയിൽനിന്നുള്ള ഏതാനും പിതാക്കന്മാരോടൊപ്പം ഞാനും പങ്കെടുത്തി

രുന്നു. ബെനഡിക്റ്റ് മാർപാപ്പായുടെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു നമുക്കു പ്രാർത്ഥിക്കാം.

ജഗദൽപൂർ രൂപതയുടെ മുൻഅദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലാത്തറ സി.എം.ഐ. പിതാവിന്റെ മരണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി. സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കു പിതാവു നൽകിയ ഊർജവും ദിശാബോധവും കാലാതിവർത്തിയാണെന്നു സിനഡു വിലയിരുത്തി.

**ഏകീകൃത കുർബാനയും എറണാകുളം-അങ്കമാലി അതിരൂപതയും**

ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കുന്നതിൽ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുള്ള അജപാലന പ്രശ്നങ്ങളെ സിനഡു വസ്തുനിഷ്ഠമായി വിലയിരുത്തി. 1999 നവംബർ മാസത്തിലെ സിനഡ് ഒരുമനസ്സോടെ തീരുമാനിച്ചതും തുടർന്നുള്ള വിവിധ സിനഡു സമ്മേളനങ്ങൾ ആവർത്തിച്ചാവശ്യപ്പെട്ടതും 2021 ആഗസ്റ്റ് മാസത്തിൽ സിനഡിന്റെ തീരുമാനപ്രകാരം 2021 നവംബർ 28 മംഗളവാർത്ത ഒന്നാം ഞായർമുതൽ നിയമബദ്ധമായി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടതുമാണ് സീറോമലബാർസഭയുടെ ഏകീകൃത കുർബാനക്രമം. ഈ ക്രമം നടപ്പിലാക്കാൻ, തികച്ചും അസാധാരണമായ നടപടിയെന്ന നിലയിൽ പിതൃസഹജമായ സ്നേഹത്തോടെ 2021 ജൂലൈ മൂന്നിനും 2022 മാർച്ച് 25നും ഫ്രാൻസിസ് മാർപാപ്പ രണ്ടു കത്തുകളിലൂടെ നേരിട്ടു ആവർത്തിച്ചു ആവശ്യപ്പെട്ടതാണ്. തിരുസ്സഭയുടെ പരമാധികാരിയായ പരിശുദ്ധ പിതാവിന്റെ ഈ ഉദ്ബോധനം സീറോമലബാർസഭയുടെ മക്കൾ മുഴുവനും അനുസരിക്കാൻ കടപ്പെട്ടവരാണ്. ആരാധനാക്രമവിഷയങ്ങളിൽ അന്തിമതീരുമാനം എടുക്കേണ്ടതു സഭയുടെ സിനഡും ശ്ലൈഹിക സിംഹാസനവുമാണ്. ഇപ്രകാരം നൽകപ്പെട്ട നിയമത്തിനു വിരുദ്ധമായി തീരുമാനമെടുക്കാൻ മറ്റാർക്കും അവകാശമില്ല. ശ്ലൈഹിക സിംഹാസനം അംഗീകരിച്ച സഭാസിനഡിന്റെ തീരുമാനത്തെ മനഃപൂർവം അവഗണിച്ചു വിശുദ്ധ കുർബാനയർപ്പിക്കുന്നതു നിയമവിരുദ്ധമാണെന്ന് (illicit) എല്ലാവരും തിരിച്ചറിയണം. മേൽപറഞ്ഞ തീരുമാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള ചർച്ചകൾക്കുമാത്രമേ സഭാപരമായി സാധുതയുള്ളൂ.

എറണാകുളം-അങ്കമാലി അതിരൂപത നിലവിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻ കീഴിലായതിനാൽ സിനഡിനു

നേരിട്ട് അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം എടുക്കാനാവില്ല. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ നിർദ്ദേശപ്രകാരം എറണാകുളം-അങ്കമാലി അതിരൂപതയിൽനിന്നുള്ള പിതാക്കന്മാർ ഉൾപ്പെടുന്ന ആറംഗ സമിതി ചർച്ചകൾക്കായി നിയോഗിക്കപ്പെട്ടു. ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയെ എതിർക്കുന്നവരും അനുകൂലിക്കുന്നവരുമായി സമിതി പല തവണ ചർച്ചകൾ നടത്തി. അതിരൂപതാ കൂരിയായിലെ അംഗങ്ങളുമായും വിശദമായ ചർച്ചകൾ നടന്നു. കൂടാതെ, അതിരൂപതാംഗങ്ങളായ വിവിധ അല്മായപ്രമുഖരുമായും സമിതി ആശയവിനിമയം നടത്തി. എറണാകുളം-അങ്കമാലി അതിരൂപതയിൽനിന്നു സിനഡിൽ സന്നിഹിതരായിരുന്ന എല്ലാ പിതാക്കന്മാരും ചർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഹൃദയപൂർവം പങ്കുചേർന്നിരുന്നു. സിനഡു പിതാക്കന്മാരെല്ലാവരും ഉപവാസവും പ്രാർത്ഥനയുംവഴി ഈ അനുരഞ്ജന പ്രക്രിയയിൽ പങ്കാളികളായി.

സഭയുടെ ഐക്യത്തെ വർധിപ്പിക്കുന്നരീതിയിൽ ഏകീകൃത ബലിയർപ്പണം നടപ്പാക്കണമെന്ന തീരുമാനത്തിൽ അടിയുറച്ചുനിന്നുകൊണ്ട് അതു നടപ്പിലാക്കാൻ എറണാകുളം-അങ്കമാലി അതിരൂപതയിലെ ഇടവകകൾക്ക് ഔദാര്യപൂർവം സമയം നൽകുകയെന്ന ലക്ഷ്യത്തോടെയാണു ചർച്ചകൾ പുരോഗമിച്ചത്. കത്തീഡ്രൽ ബസിലിക്കയിൽ ഞായറാഴ്ചകളിലെങ്കിലും ഏകീകൃത രൂപത്തിലുള്ള കുർബാനയർപ്പിച്ചുകൊണ്ട് അനുരഞ്ജനത്തിന്റെ പ്രക്രിയ ആരംഭിക്കാമെന്നായിരുന്നു സിനഡുപിതാക്കന്മാരുടെ പ്രതീക്ഷ. അങ്ങനെ യോജിപ്പിൽ എത്തുകയാണെങ്കിൽ സിനഡിന്റെ അവസാനദിവസം പിതാക്കന്മാരെല്ലാം ഒന്നുചേർന്നു മേജർ ആർച്ചുബിഷപ്പിന്റെ കാർമികത്വത്തിൽ ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിച്ചു ഐക്യത്തിലേക്കുള്ള പ്രയാണത്തെ ത്വരിതപ്പെടുത്താമെന്ന ചില വിഭാഗങ്ങളുടെ നിർദ്ദേശവും ഞങ്ങൾക്കു സ്വീകാര്യമായിരുന്നു. എന്നാൽ, ഇനിയും വ്യക്തമാകാത്ത കാരണങ്ങളാൽ ഏകീകൃത കുർബാനക്രമത്തെ അംഗീകരിക്കാത്ത ചിലർ മേൽവിവരിച്ച തത്വങ്ങളിൽ ഉറച്ചുനിൽക്കാൻ വിസമ്മതിച്ചതിനാൽ സിനഡിന്റെ സമാപനത്തിൽ എല്ലാവർക്കും സ്വീകാര്യമായ തീരുമാനം പ്രഖ്യാപിക്കാൻ കഴിയാത്തതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ഐക്യത്തിനുവേണ്ടിയുള്ള സഭയുടെ മനസ്സു തിരിച്ചറിഞ്ഞ് എല്ലാവരും ഏകമനസ്സോടെ സിനഡിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്ന ദിവസം

അകലെയല്ലെന്ന പ്രത്യാശ ഈ ചർച്ചകളുടെ വെളിച്ചത്തിൽ ഞങ്ങൾ പങ്കുവയ്ക്കുന്നു. അതിനാൽ ചർച്ചകൾ തുടരുവാൻ ഏതാനും അല്മായ പ്രമുഖരോടും ഞങ്ങൾ സഹായം തേടിയിട്ടുണ്ട്. പിതാക്കന്മാരുടെ സമിതി തുടർന്നും ചർച്ചകൾക്കു നേതൃത്വം കൊടുക്കുന്നതാണ്.

മുറിവുകളുണക്കി ഹൃദയൈക്യത്തിലേക്കു നീങ്ങാൻ പരിശുദ്ധാത്മാവ് എല്ലാവരെയും പ്രചോദിപ്പിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. സഭയുടെ ആധികാരിക പ്രബോധനങ്ങളും തീരുമാനങ്ങളും പൊതുനന്മയും ബലികഴിച്ചുകൊണ്ടുള്ള ഒത്തുതീർപ്പിനു സിനഡിനു സാധിക്കില്ല എന്ന സത്യം എല്ലാവരും മനസ്സിലാക്കേണ്ടതാണ്.

ചർച്ചകളിലൂടെ പ്രശ്നപരിഹാരമുണ്ടാക്കാൻ ഒരു മനസ്സോടെ പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാത്തരം പ്രതിഷേധപ്രകടനങ്ങളിൽനിന്നും സമരമുറകളിൽനിന്നും പിന്മാറണമെന്ന് എല്ലാ വൈദികരോടും സന്യസ്തരോടും അല്മായവിശ്വാസികളോടും സിനഡ് ഏകമനസ്സോടെ ആഹ്വാനം ചെയ്യുന്നു. മാർപാപ്പയുടെ ഉദ്ബോധനം ലംഘിക്കുന്നതും മാർപാപ്പ നിയോഗിച്ച അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കെതിരായി പ്രവർത്തിക്കുന്നതും പരിശുദ്ധ പിതാവിനെ നിരാകരിക്കുന്ന ഗുരുതരമായ കുറ്റമാണെന്ന് എല്ലാവരും ഗ്രഹിക്കണം. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെയുള്ള സിനഡിന്റെ തീരുമാനം നടപ്പിലാക്കാൻ വിശ്വാസപൂർവം മുമ്പോട്ടുവന്ന എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരുടെയും അല്മായസഹോദരങ്ങളുടെയും നിലപാടു മാതൃകാപരമാണ്.

ഏകീകൃതരീതിയിലുള്ള കുർബാനയർപ്പണത്തിനുള്ള പരിശീലനമാണ് 2000-ാം ആണ്ടുമുതൽ കേരളത്തിലെ വൈദികവിദ്യാർത്ഥികൾക്കു മേജർ സെമിനാരികളിൽ നൽകിവരുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി നമ്മുടെ സഭയുടെ മതബോധനക്ലാസുകളിൽ പഠിപ്പിച്ചിരുന്നതും ഏകീകൃത കുർബാനയർപ്പണരീതിയെ പരിചയപ്പെടുത്തുന്ന പാഠങ്ങളാണ്. അതിനാൽ ഏകീകൃത കുർബാനയർപ്പണരീതി തികച്ചും അപരിചിതമെന്നു പറയാൻ ആർക്കും സാധിക്കില്ല. നമ്മുടെ സഭയിൽ പ്രധാനമായും രണ്ടു തരത്തിലുള്ള വിശുദ്ധ കുർബാനയർപ്പണരീതികളാണ് 1999 വരെ നിലനിന്നിരുന്നത്: പൂർണമായി അൾത്താരാഭിമുഖവും പൂർണമായി ജനാഭിമുഖവും. പ്രസ്തുത രീതികളെ സഭയുടെ ഐക്യത്തെ മുൻനിറുത്തി ഏകോപിപ്പിച്ചാണു നിലവിലുള്ള ഏകീകൃത കുർബാനയർപ്പണരീതി സിനഡ് അംഗീകരിച്ചത്. അതിനാൽ,

ഏതെങ്കിലും പക്ഷത്തിന്റെ വിജയമോ പരാജയമോ ആയി ഏകീകൃത കുർബാനയർപ്പണരീതിയെ ആരും ദുർവ്യാഖ്യാനം ചെയ്യരുത്.

2022 നവംബർ 27ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിക്കാനെത്തിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ തടഞ്ഞതും എറണാകുളം-അങ്കമാലി അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രതിഷേധപ്രകടനങ്ങളും അതിക്രമങ്ങളും അങ്ങേയറ്റം അപലപനീയമാണ്. പരിശുദ്ധ സിംഹാസനം ഭരമേല്പിച്ച ദൗത്യനിർവഹണത്തിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവു നടത്തിയതെന്നു സിനഡു വിലയിരുത്തി. 2022 ഡിസംബർ 23, 24 തീയതികളിൽ എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നടന്നതു സമാനതകളില്ലാത്ത വിശ്വാസവിരുദ്ധ പ്രവർത്തനങ്ങളാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന പ്രവർത്തനങ്ങൾ ഹൃദയം തകർക്കുന്ന വേദനയോടെയാണു സഭയിലെ ഓരോ വിശ്വാസിയും നോക്കികണ്ടത്. വിശുദ്ധ കുർബ്ബാനയെ പ്രതിഷേധ സമരമാർഗമായി ഉപയോഗിച്ച വൈദികരും അതിനെ പ്രതിരോധിക്കാൻ ബലിപീഠം കയ്യേറിയ വ്യക്തികളും സഭാഗാത്രത്തിൽ ഏൽപ്പിച്ച മുറിവ് ഏറെ ആഴമുള്ളതാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്നതു നേരിട്ടുള്ള ദൈവനിന്ദയാണ്. ഈ സംഭവത്തെക്കുറിച്ചു അന്വേഷിക്കാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ റിപ്പോർട്ടു റോമിലെ ബന്ധപ്പെട്ട കാര്യാലയത്തിൽ അറിയിക്കുകയും അവിടെനിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതം മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പരിശുദ്ധ കുർബാനയെ അവഹേളിച്ച പ്രവർത്തിക്കു പരിഹാരമായി മെത്രാന്മാരും വൈദികരും സന്യസ്തരും സാധിക്കുന്ന വിശ്വാസികളും വിശുദ്ധ കുർബാനയ്ക്കുമുന്നിൽ ഒരു മണിക്കൂർ നിശബ്ദമായ ആരാധന നടത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു.

പൗരോഹിത്യം സഭയിലൂടെ ദൈവം നൽകുന്ന ദാനമാണ്. പരിശുദ്ധ പിതാവിനോടും മേജർ ആർച്ചുബിഷപ്പിനോടും രൂപതാദ്ധ്യക്ഷനോടും ചേർന്നുനിൽക്കുമ്പോഴാണു പൗരോഹിത്യം കൃപാദായകമാകുന്നത്. മാർപാപ്പായെയും സഭാതലവനെയും രൂപതാദ്ധ്യക്ഷനെയും നിഷേധിക്കുമ്പോൾ പൗരോഹിത്യം ഉറകെട്ടുപോയ ഉപ്പുപോലെ ഫലരഹിതമാകും എന്നതിനാലാണ് പൗരോഹിത്യ സ്വീകരണവേളയിൽ സഭാധികാരികളോടുള്ള അനുസരണവും വിധേയത്വവും പുരോഹിതാർത്ഥി

കൾ ഏറ്റുപറയുന്നത്. സഭയോടുള്ള കൂട്ടായ്മ മറക്കുമ്പോൾ പൗരോഹിത്യം ദൈവജനത്തിന് കൃപ നൽകാൻ കഴിവില്ലാത്തതാകുമെന്ന സത്യം എല്ലാ വൈദികരും തിരിച്ചറിയണം.

അനുരഞ്ജിതരായിത്തീരാൻവേണ്ടി നാം അർപ്പിക്കുന്ന വിശുദ്ധ കുർബാന അനൈക്യത്തിന്റെ വേദിയാക്കി സ്വയം അപഹാസ്യരാകാതിരിക്കാൻ എല്ലാ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും ശ്രദ്ധിക്കണം. സഭാസ്നേഹികളും പാരമ്പര്യവാദികളും എന്ന പേരിൽ നിരന്തരം പ്രകോപനപരമായി പ്രതികരിക്കുന്ന ഓൺലൈൻ കൂട്ടായ്മകൾ സ്വയം നിയന്ത്രിക്കേണ്ടത് സഭയുടെ ഐക്യത്തിന് അനിവാര്യമാണ്.

## പുതിയ യാമപ്രാർത്ഥനകൾ

നമ്മുടെ സഭയുടെ യാമപ്രാർത്ഥനകളുടെ നവീകരിച്ച ക്രമം പുറത്തിറക്കാൻ കഴിഞ്ഞത് ഏറെ ശ്രദ്ധേയമായ നേട്ടമാണ്. സഭയുടെ തനതു പാരമ്പര്യങ്ങളോടും മൂലകൃതികളോടും വിശ്വസ്തത പുലർത്തുന്ന രീതിയിലാണ് പുതിയ ക്രമം രൂപപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ആധ്യാത്മികതയിൽ യാമപ്രാർത്ഥനകൾക്കു വലിയ പ്രാധാന്യമുണ്ട്. വൈദികരും സന്യസ്തരും സാധിക്കുന്ന അല്മായരും യാമപ്രാർത്ഥനകൾ അനുദിന ആധ്യാത്മികതയുടെ ഭാഗമാക്കണം. 2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതലാണ് നവീകരിച്ച ക്രമം ഔദ്യോഗികമായി നിലവിൽ വരുന്നത്.

## ബഫർസോൺ

ബഫർ സോൺ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2023 ജനുവരി 11-ലെ പരാമർശം കർഷകർക്ക് ആശാവഹമാണെന്നു സീറോമലബാർ സിനഡു വിലയിരുത്തി. മുഴുവൻ ജനവാസകേന്ദ്രങ്ങളെയും കൃഷിഭൂമിയെയും തോട്ടങ്ങളെയും ബഫർസോൺ പരിധിയിൽനിന്നു ഒഴിവാക്കാനുള്ള സത്വരനടപടികൾ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. കണ്ണൂർ ജില്ലയിലെ ആറളം മുതൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാർവരെ വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കുചുറ്റും ജീവിക്കുന്ന ജനങ്ങൾ അപ്രഖ്യാപിത കുടിയിറക്കിന്റെ വക്കിലാണെന്നു സിനഡു നിരീക്ഷിച്ചു. നിലവിലുള്ള സങ്കേതങ്ങൾക്കുപുറമേ അട്ടപ്പാടിയിൽ പുതു

തായി വനംവകുപ്പ് ശുപാർശചെയ്തിരിക്കുന്ന ഭവാനി വന്യജീവി സങ്കേതം അട്ടപ്പാടിയെ കൂടുതൽ ദോഷകരമായി ബാധിക്കും. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഈ പുതിയ നീക്കം കർഷകരോടുള്ള വെല്ലുവിളിയായി മാത്രമേ മനസ്സിലാക്കാനാകൂ എന്നു സിനഡു വിലയിരുത്തി.

കൃഷിസ്ഥലങ്ങളും ജനവാസ കേന്ദ്രങ്ങളും പൂർണമായും ഒഴിവാക്കി വനാതിർത്തിക്കുള്ളിൽ ബഫർസോൺ നിലനിർത്തണമെന്നു സിനഡു സർക്കാരിനോട് ആവശ്യപ്പെടുന്നു. പുതുതായി നിർദ്ദേശിച്ചിരിക്കുന്ന ഭവാനി വന്യജീവിസങ്കേത ശുപാർശ അടിയന്തരമായി പിൻവലിക്കണം. കേരളത്തിലെ ഭൂരിപക്ഷം വന്യജീവിസങ്കേതങ്ങളുടെയും കോർസോണിന്റെ അതിർത്തി ജനവാസകേന്ദ്രങ്ങളുമായി പങ്കിടുന്ന വിധത്തിൽ തെറ്റായി നിശ്ചയിക്കപ്പെട്ടുപോയിട്ടുണ്ടെന്നും, വന്യജീവി സങ്കേതങ്ങളുടെ അതിർത്തിനിർണയത്തിലെ ഈ തെറ്റു തിരുത്താൻ സമയം അനുവദിക്കണമെന്നും കോടതിയിൽ ആവശ്യപ്പെടണം. ജനവാസകേന്ദ്രങ്ങളും കൃഷിഭൂമികളും വന്യജീവിസങ്കേതങ്ങളുടെ ബഫർ സോൺ ആയി പ്രഖ്യാപിക്കാൻ സാധിക്കുകയില്ല എന്നും രേഖകളുടെ പിൻബലത്തോടെ കോടതി മുൻപാകെ സമർത്ഥിക്കാൻ സർക്കാരിനു കഴിയണം. നിലവിലുള്ള വന്യജീവി സങ്കേതങ്ങളുടെ അതിർത്തി അടിയന്തരമായി പുനർനിർണയിച്ച റിപ്പോർട്ട് കേന്ദ്ര വന്യജീവിബോർഡിന്റെ ശുപാർശയോടും സെൻട്രൽ എംപവെർഡ് കമ്മിറ്റി (CEC)യുടെയും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരത്തോടെയും സുപ്രീംകോടതിയിൽ സമർപ്പിക്കാൻ ആവശ്യമായ സമയം അനുവദിക്കണമെന്നു കോടതിയിൽ ആവശ്യപ്പെടണം. സാങ്കേതിക പിഴവുകൾകൊണ്ടു വനാതിർത്തിക്കുള്ളിൽ പെട്ടുപോയ നിരവധി ജനവാസ മേഖലകളും കൃഷിയിടങ്ങളും സംരക്ഷിക്കാൻ പ്രസ്തുത പ്രദേശങ്ങളിലെ വനാതിർത്തികൾ പുനർനിർണയിക്കേണ്ടത് ആവശ്യമാണ്. കർഷകരെ മറന്നുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം ഒരിക്കലും പ്രായോഗികമല്ല. അതിനാൽ, കർഷകരെക്കൂടി വിശ്വാസത്തിൽ എടുത്ത് ആരോഗ്യകരമായ പരിസ്ഥിതി സംസ്കാരം രൂപപ്പെടുത്തുവാൻ സർക്കാരിനു കഴിയണം.

### സംവരണേതര വിഭാഗങ്ങൾക്കുള്ള സംവരണം

സംവരണേതരവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണത്തിന്റെ (EWS) ആനുകൂല്യങ്ങൾ സഭാംഗങ്ങൾ

ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു. സംവരണ മാനദണ്ഡങ്ങളെ സംബന്ധിച്ചുള്ള കേന്ദ്ര ഗവൺമെന്റ് ഉത്തരവിനനുസൃതമായി കേരളത്തിലും നിയമഭേദഗതി വരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണം. എങ്കിൽമാത്രമേ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സഭാംഗങ്ങൾക്ക് ഈ സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. കേന്ദ്ര-സംസ്ഥാന നിയമങ്ങൾതമ്മിൽ നിലവിലുള്ള വൈരുധ്യം പരിഹരിക്കാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്നു സിനഡ് ആവശ്യപ്പെട്ടു.

**മെൽബൺ രൂപതയ്ക്ക് പുതിയ ഇടയൻ**

സീറോമലബാർസഭയ്ക്കു ഓസ്ട്രേലിയയിലെ മെൽബൺ കേന്ദ്രമായുള്ള രൂപതയ്ക്ക് പുതിയ ഇടയനായി സി.എം.ഐ. സന്യാസസഭാംഗമായ ഫാ. ജോൺ പനന്തോട്ടത്തിലിനെ മാർപാപ്പ നിയമിച്ചു. നിയുക്ത മെത്രാനും മെൽബൺ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ആരംഭംമുതൽ നാളിതുവരെ മെൽബൺ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയുടെ ആദ്യത്തെ കൂരിയാ ബിഷപ്പ് എന്ന നിലയിലും മെൽബൺ രൂപതാദ്ധ്യക്ഷൻ എന്നനിലയിലുമുള്ള പിതാവിന്റെ ശ്ലൈഹികശുശ്രൂഷ സഭയ്ക്കുമുഴുവൻ അനുഗ്രഹമായിരുന്നു.

പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളുമായി നമ്മെ മുന്നോട്ടുനയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മെ അനുഗ്രഹിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023-ാം ആണ്ട് ജനുവരി മാസം 14-ാം തീയതി നല്കപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

...................................

N.B.: 2023 ജനുവരി 22-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വായിക്കുന്നതിനായി നൽകിയ സർക്കുലർ.

---

Ref: 3829/K-5/KCBC/OL/DS 18.01.2023

# 31-ാമത് ലോക രോഗീദിനസന്ദേശം

**ഫെബ്രുവരി 11, 2023**

**"ഇവനെ പരിചരിക്കുക"**

***സിനഡാത്മക പ്രക്രിയയായ സുഖപ്പെടുത്തുന്ന അനുകമ്പ***

**പ്രിയ സഹോദരീസഹോദരന്മാരേ,**

നാം മനുഷ്യരായിരിക്കുന്നതിന്റെ ഭാഗമാണ് രോഗാവസ്ഥ. എന്നാൽ, പരിചരണവും അനുകമ്പയും കൂടാതെ ഏകാന്തതയിലും തിരസ്ക്കരണത്തിലുമാണ് നാം രോഗാവസ്ഥയിൽ ആയിരിക്കുന്നതെങ്കിൽ അത് മാനുഷികമല്ലാതായി മാറും.

നാം മറ്റുള്ളവരുമൊത്ത് ഒരു യാത്രയ്ക്കുപോകുമ്പോൾ ചിലപ്പോൾ നമുക്കു സുഖമില്ലായ്മ അനുഭവപ്പെടുന്നത് സാധാരണമാണ്; ചിലപ്പോൾ വഴിയിൽവച്ച് ക്ഷീണംകൊണ്ടോ മറ്റ് അനിഷ്ടസംഭവങ്ങൾ കൊണ്ടോ നമുക്കു യാത്ര അവസാനിപ്പിക്കേണ്ടിവരും. അപ്രകാരമുള്ള വേളകളിലാണ് നമ്മുടെ സഞ്ചാരം എത്രമാത്രം ഒരുമിച്ചുള്ളതാണെന്നു നാം മനസ്സിലാക്കുന്നത്: അതായത്, നാം യഥാർത്ഥത്തിൽ സഹയാത്രികരാണോ അതോ നമ്മുടെതന്നെ താത്പര്യങ്ങൾ അന്വേഷിക്കുന്ന, മറ്റുള്ളവരെ അവരവരുടെ കാര്യങ്ങൾ നോക്കാനായി ഉപേക്ഷിക്കുന്ന, കേവലം ഒരേ പാതയിൽ സഞ്ചരിക്കുന്ന വ്യക്തികൾ മാത്രമാണോ

എന്നത് വ്യക്തമാകുന്നത് അപ്പോഴായിരിക്കും. അക്കാരണത്താൽ, ഈ മുപ്പത്തൊന്നാമത് ലോകരോഗീദിനത്തിൽ, സഭ മുഴുവനും സിനഡാത്മക പാതയിലൂടെ സഞ്ചരിക്കുന്ന ഈ വേളയിൽ, വ്രണിതാവസ്ഥയിലും രോഗാവസ്ഥയിലുമായിരിക്കുന്ന അനുഭവത്തിലൂടെ കടന്നുപോകുമ്പോഴാണ് നാം ദൈവത്തിന്റെ ശൈലി അനുസരിച്ച് ഒരുമിച്ച് നടക്കുന്നതെന്നതിനെകുറിച്ച് ധ്യാനിക്കാൻ എല്ലാവരെയും ഞാൻ ക്ഷണിക്കുന്നത്; ദൈവത്തിന്റെ ശൈലി സാമീപ്യവും അനുകമ്പയും ആർദ്രതയും ആണല്ലോ!

ദൈവീക വെളിപാടിന്റെ ഉത്തംഗഭാവത്തെ പ്രകാശിപ്പിക്കുന്ന വചനങ്ങൾ എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിലുള്ളത് ശ്രദ്ധേയമാണ്: "ദൈവമായ കർത്താവ് അരുൾചെയ്യുന്നു: 'ഞാൻതന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാൻ അവയ്ക്കു വിശ്രമസ്ഥലം നല്കും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴി തെറ്റിപ്പോയതിനെ ഞാൻ തിരികെക്കൊണ്ടുവരും; മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും; ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും...നീതിപൂർവം ഞാൻ അവയെ പോറ്റും' " (എസെ 34,15-16). സംഭ്രമവും രോഗവും ബലഹീനതയുമൊക്കെ മാനുഷികപ്രയാണത്തിന്റെ ഭാഗമാണ്. അവ നമ്മെ ദൈവജനത്തിന്റെ പക്കൽനിന്നു അകറ്റുന്നതിനുപകരം നമ്മെ കർത്താവിന്റെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റുന്നു; എന്തെന്നാൽ, അവിടന്ന് നമ്മുടെ പിതാവാണ്; തന്റെ മക്കളിൽ ഒരാൾപോലും വഴിയിൽവച്ച് നഷ്ടപ്പെടാൻ അവിടന്ന് ഇഷ്ടപ്പെടുന്നില്ല. ആകയാൽ നമുക്ക് അവിടന്നിൽനിന്നു പഠിക്കാം; അതായത്, ആവശ്യമില്ലെന്നവിധം വലിച്ചെറിയുന്ന സംസ്കാരത്തെ ചെറുത്തുനില്ക്കുന്ന, യഥാർഥമായും ഒരുമിച്ചു നടക്കുന്ന, ഒരു സമൂഹമായി എങ്ങനെ മാറാമെന്ന് നമുക്ക് ശ്രദ്ധിക്കാം.

"എല്ലാവരും സഹോദരർ" (*Fratelli Tutti)* എന്ന ചാക്രികലേഖനത്തിൽ നല്ല സമരിയാക്കാരന്റെ ഉപമ പുനർവായന നടത്തുന്നതിനെ ഞാൻ പ്രോത്സാഹിപ്പിച്ചു. അടഞ്ഞിരിക്കുന്ന ഒരു ലോകത്തിലെ "കാർമേഘങ്ങളിൽ നിന്ന്" എങ്ങനെ നമുക്കു "തുറവുള്ള ഒരു ലോകത്തെ വിഭാവനം ചെയ്യാനും സാക്ഷാത്കരിക്കാനും" ആകും എന്നു നിർദേശിക്കാനാണ് ഞാൻ അപ്രകാരം ചെയ്തത് (ഖ. 56 കാണുക). യേശുവിന്റെ ഈ ഉപമയും ഇന്നത്തെ ലോകത്തിൽ സാഹോദര്യം നിഷേധിക്കപ്പെടുന്ന നിരവധി അവസരങ്ങളും തമ്മിൽ ഗാഢമായ ബന്ധമാണുള്ളത്. മർദിതനും മോഷ്ടിക്കപ്പെട്ടവനും ആയ ആ മനുഷ്യൻ എപ്രകാരം വഴി

യരുകിൽ ഉപേക്ഷിക്കപ്പെട്ടുവോ അപ്രകാരമാണ് അത്യാവശ്യ സമയത്ത് ഉപേക്ഷിക്കപ്പെടുന്ന നമ്മുടെ ധാരാളം സഹോദരീസഹോദരന്മാർ. പ്രകൃതിയിൽനിന്ന് ആവിർഭവിക്കുന്ന സാധാരണയുള്ള കാരണങ്ങളാൽ മനുഷ്യജീവനും മഹത്ത്വത്തിനും വന്നുഭവിക്കുന്ന പ്രഹരങ്ങളിൽ നിന്ന് അനീതിയാലും അക്രമത്താലും വരുത്തിവയ്ക്കപ്പെടുന്നവയെ വേർതിരിച്ചറിയുക എന്നത് ഇന്നു പ്രയാസമായി മാറിയിരിക്കുന്നു. യഥാർഥത്തിൽ വർധമാനമാകുന്ന അസമത്വവും കുറച്ചുപേരുടെമാത്രം താത്പര്യങ്ങൾ സംരക്ഷിക്കുന്നവിധമുള്ള ക്രമീകരണങ്ങളും എല്ലാ മാനുഷിക പരിതോവസ്ഥകളെയും ബാധിക്കുന്നുണ്ട്; അക്കാരണത്താൽ, എല്ലാ അനുഭവങ്ങളെയും "പ്രകൃതി കാരണ"മാണെന്നു മാത്രം പറയാൻ സാധിക്കാത്ത വിധമായിരിക്കുന്നു. എല്ലാ സഹനവും ഒരു "സംസ്കാരത്തിന്റെ" പശ്ചാത്തലത്തിലും അതിന്റെ വ്യത്യസ്തങ്ങളായ വൈരുദ്ധ്യത്തിലുമാണ് സംഭവിക്കുന്നത്. ഇവിടെ ഏകാന്തതയുടെയും തിരസ്ക്കരണത്തിന്റെയും അവസ്ഥ പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ടതാണ്. അനീതിയുടെ മറ്റേതൊരുതരം രൂപത്തിൽനിന്നും വ്യത്യസ്തമാംവിധം ഈ ക്രൂരത എളുപ്പം പരിഹരിക്കപ്പെടാവുന്ന ഒന്നാണ്. കാരണം, പ്രസ്തുത ഉപമ നമ്മെ പഠിപ്പിക്കുന്നതുപോലെ, അത് നമ്മുടെ ശ്രദ്ധയുടെ ഏതാനും നിമിഷങ്ങൾ മാത്രമാണ് ആവശ്യപ്പെടുന്നത്; ഈ ക്രൂരതയെ ഒഴിവാക്കാനായി നാം നമ്മുടെ ഉള്ളിൽ അനുകമ്പയാൽ ചലിപ്പിക്കപ്പെട്ടാൽ മാത്രം മതി. ഭക്തരും മതാനുയായികളുമായ രണ്ട് വഴിയാത്രികർ മുറിവേറ്റ മനുഷ്യനെ കണ്ടു; എങ്കിലും അവർ നിന്നില്ല. എന്നാൽ മൂന്നാമത്തെ വഴിയാത്രികൻ - സമരിയാക്കാരനായവൻ, പരിഹാസ്യനായ പരദേശി - അനുകമ്പയാൽ ചലിപ്പിക്കപ്പെട്ട് വഴിയിലെ അപരിചിതനെ പരിചരിക്കുന്നു; അവനെ അയാൾ സഹോദരനായി കണക്കാക്കുന്നു. അപ്രകാരം ചെയ്യുകവഴിയായി, അയാൾ അപ്രകാരം ചിന്തിച്ചില്ലെങ്കിൽപ്പോലും, അയാൾ ഒരു വ്യത്യസ്തത സൃഷ്ടിക്കുന്നു; അതായത്, അയാൾ ലോകത്തെ കൂടുതൽ സാഹോദര്യം നിറയ്ക്കുന്നവനായി മാറുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗത്തിനായി നാം പലപ്പോഴും തയ്യാറെടുത്തിരിക്കുന്നവരല്ല. നമ്മൾ പ്രായമായിക്കൊണ്ടിരിക്കുന്നു എന്നതുപോലും പലപ്പോഴും നാം അംഗീകരിക്കാൻ വിസമ്മതിക്കുന്നു. നമ്മുടെ വ്രണിതാവസ്ഥ നമ്മെ ഭയപ്പെടുത്തുന്നു; ഇന്നു നിലനില്ക്കുന്ന കാര്യക്ഷമതയുടെ സംസ്കാരം അതിനെ മറച്ചുപിടിക്കാൻ നമ്മെ പ്രേ

രിപ്പിക്കുന്നു; അത് മാനുഷീക ബലഹീനതയ്ക്കു ഇടം നല്കുന്നില്ല. ഈ രീതിയിൽ തിന്മ നമ്മുടെ മുമ്പിൽ അവതരിക്കുകയും നമ്മെ മുറിപ്പെടുത്തുകയും ചെയ്യുന്നു; അപ്പോൾ നാം ഞെട്ടിപ്പോകുന്നു. മാത്രമല്ല, ആ വേളകളിൽ മറ്റുള്ളവർ നമ്മെ ഉപേക്ഷിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ, നമ്മുടെതന്നെ ദൗർബല്യത്തിന്റെ നിമിഷങ്ങളിൽ നാം മറ്റുള്ളവർക്ക് ഒരു ഭാരമാകരുത് എന്ന ചിന്തയാൽ നാംതന്നെയും മറ്റുള്ളവരെ ഉപേക്ഷിക്കാൻ താത്പര്യപ്പെടുന്നു.

ഇങ്ങനെയാണ് ഏകാന്തത നമ്മിൽ കടന്നുകൂടുന്നത്; ദൈവംതന്നെയും നമ്മെ ഉപേക്ഷിച്ചു എന്നവിധം അനീതിയുടെ കയ്പുരസമുള്ള ചിന്തയാൽ നാം വിഷലിപ്തരായിത്തീരുന്നു. യഥാർഥത്തിൽ, മറ്റുള്ളവരോടും നമ്മോടുതന്നെയുമുള്ള നമ്മുടെ ബന്ധം മുറിഞ്ഞതായിത്തീർന്നാൽ നമുക്കു തുടർന്നു കർത്താവുമായി സമാധാനത്തിലായിരിക്കാൻ ബുദ്ധിമുട്ടുള്ളതായി ഭവിക്കും. ആകയാൽ, രോഗാവസ്ഥയുടെ മധ്യേ സഭ മുഴുവനും സുവിശേഷത്തിലെ നല്ല സമരിയാക്കാരന്റെ ഉദാഹരണത്തോളം ഉയരേണ്ടിയിരിക്കുന്നു. അങ്ങനെ സഭ യഥാർഥത്തിൽ ഒരു " യുദ്ധക്കളത്തിലെ ആശുപത്രി" ആയിത്തീരും; എന്തെന്നാൽ, അവളുടെ ദൗത്യം പ്രകാശിതമാകുന്നത് കരുതലിന്റെ പ്രവൃത്തികൾവഴിയാണ്; ഏറെപ്രത്യേകിച്ച്, നമ്മുടെ ഈ കാലഘട്ടത്തിന്റെ ചരിത്ര പശ്ചാത്തലത്തിൽ. നമ്മൾ എല്ലാവരും ദുർബലരും മുറിപ്പെട്ടവരും ആണ്; അല്പനേരം നില്ക്കാനും സമീപിക്കാനും സുഖപ്പെടുത്താനും ഉയർത്തിയെടുക്കാനും കഴിവുള്ള ഒരുതരം കനിവ് നമുക്ക് ആവശ്യമാണ്. അങ്ങനെ രോഗത്തിന്റെ ദുരവസ്ഥയിൽ ആയിരിക്കുന്നവർ നമ്മുടെ നിസ്സംഗത നീക്കാനും സഹോദരീസഹോദരന്മാർ ഇല്ലെന്നുള്ള അവരുടെ അവസ്ഥയെ ഇല്ലാതാക്കാനുമായി നമ്മെ ക്ഷണിക്കുന്നു.

സഹനത്തിലായിരിക്കുന്നവരോട് സമീപസ്ഥരായിരിക്കാനും അവർക്കു വേണ്ടി പ്രാർത്ഥിക്കാനും ലോകരോഗീദിനം നമ്മെ ആഹ്വാനം ചെയ്യുന്നു. നവമായി ഒത്തൊരുമിച്ച് മുന്നോട്ട് ഗമിക്കുന്നതിന്റെ ആവശ്യകതയെ ദൈവജനത്തെയും ആരോഗ്യപരിപാലനസ്ഥാപനങ്ങളെയും പൊതുസമൂഹത്തെയും ഈ ദിനം ബോധ്യപ്പെടുത്തുന്നു. മറ്റുള്ളവരുടെമേൽ സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയപരവും ആയ മേൽക്കൈ പുലർത്തുന്നവരെ നിശിതമായി വിധിക്കുന്നതാണ് മുമ്പ് ഉദ്ധരിക്കപ്പെട്ട എസെക്കിയേൽ പ്രവാചകന്റെ ഇതര വചനങ്ങൾ: "നിങ്ങൾ മേദസ്സ് ഭക്ഷിക്കുകയും രോമം കൊണ്ടുള്ള വസ്ത്രം ധരിക്കു

കയും കൊഴുത്തതിനെ കൊല്ലുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ ആടുകളെ പോറ്റുന്നില്ല. ദുർബലമായതിനു നിങ്ങൾ ശക്തികൊടുത്തില്ല; മുറിവേറ്റതിനെ വച്ചുകെട്ടിയില്ല; വഴിതെറ്റിയതിനെ തിരികെകൊണ്ടു വരുകയോ കാണാതായതിനെ തേടുകയോ ചെയ്തില്ല. മറിച്ച്, കഠിന മായും ക്രൂരമായും നിങ്ങൾ അവയോട് പെരുമാറി" (34, 3-4). നമ്മെ പ്രകാശിപ്പിക്കുന്നതും കാലോചിതവുമാണ് ദൈവവചനം; അത് അപ ലപിക്കുന്ന കാര്യങ്ങളിൽ മാത്രമല്ല, പ്രത്യുത അത് നിർദേശിക്കുന്ന തിലും അപ്രകാരംതന്നെ. മുഖാമുഖമുള്ള കണ്ടുമുട്ടലിൽ ആരംഭിച്ച നല്ല സമരിയാക്കാരന്റെ ഉപമ ഉപസംഹരിക്കുമ്പോൾ എപ്രകാരം സാഹോദര്യത്തിന്റെ അഭ്യസനം പൊതുവായി ക്രമവൽക്കരിക്കപ്പെട്ട പ്രക്രിയയാക്കി മാറ്റാം എന്നതിന്റെ സൂചനയും നല്കപ്പെടുന്നു. സത്രം, സത്രം സൂക്ഷിപ്പുകാരൻ, പണം, തുടർന്നു സംഭവിക്കാൻ പോകുന്നത് അറിയിക്കപ്പെടാനുള്ള നിർദേശം എന്നീ ഘടകങ്ങൾ (ലൂക്കാ 10, 34 -35 കാണുക) മറ്റു പലതിലേക്കും വിരൽചൂണ്ടുന്നു; അതായത്, ആരോ ഗ്യപരിപാലനപ്രവർത്തകരുടെയും സാമൂഹ്യസേവകരുടെയും കുടും ബാംഗങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും പ്രതിജ്ഞാബദ്ധത എന്നിവയിലേക്ക്. ഇവർ വഴിയാണല്ലോ ലോകത്തിന്റെ എല്ലാ ഭാഗങ്ങ ളിലും എല്ലാ ദിവസവും തിന്മയ്ക്കെതിരായി നന്മയുടെ മുഖം ഉയർന്നു നില്ക്കുന്നത്!

ആരോഗ്യപരിപാലനത്തിന്റെയും അതിന്റെ ഗവേഷണത്തിന്റെയും രംഗത്ത് പ്രവർത്തിക്കുന്നവരോടുള്ള നമ്മുടെ കടപ്പാട് മഹാമാരിയു ടേതായ ഇക്കഴിഞ്ഞ വർഷങ്ങളിൽ ഏറെ വർധിച്ചിട്ടുണ്ട്. എന്നാൽ, ഈ ഭീമമായ സാമൂഹ്യദുരന്തത്തിൽനിന്നു പുറത്തുവരുമ്പോൾ കേവ ലം ധീരയോധാക്കളെ ആദരിച്ചതുകൊണ്ടുമാത്രം നമ്മുടെ ഉത്തരവാ ദിത്വം തീരുന്നില്ല. കോവിഡ്-19 വൈദഗ്ദ്ധ്യത്തിന്റെയും ഐകമത്യ ത്തിന്റെയും ശൃംഖലകളെ ഏറെ ആയാസപ്പെടുത്തുകയുണ്ടായി; നി ലവിലുള്ള പൊതുക്ഷേമ സംവിധാനങ്ങളുടെ അപര്യാപ്തത അത് വെളിച്ചത്തുകൊണ്ടുവരുകയുണ്ടായി. ആകയാൽ, കൃതജ്ഞത പ്രകാ ശിപ്പിക്കുന്നതോടൊപ്പം ഒരോ വ്യക്തിയുടെയും മൗലിക അവകാശമാ യ അടിസ്ഥാനപരവും അനുയോജ്യവുമായ ആരോഗ്യപരിപാലനത്തി നുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അതിനുള്ള ധനാഗമ മാർഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള ആസൂത്രണം ഓരോ രാജ്യവും അടിയന്തിരമായി ചെയ്യേണ്ടതാണ്.

"ഇയാളെ പരിചരിക്കണം" (ലൂക്കാ 10, 35) എന്നാണ് ആ സമരിയാക്കാരൻ സത്രം സൂക്ഷിപ്പുകാരോട് പറഞ്ഞത്. യേശു അക്കാര്യത്തിനായി നമ്മെ ഓരോരുത്തരെയും ക്ഷണിക്കുന്നു. യേശു നമ്മോടു പറയുന്നു: "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10,37). ഞാൻ "എല്ലാവരും സഹോദരർ" (*Fratelli Tutti*) എന്ന ചാക്രികലേഖനത്തിൽ പറഞ്ഞതുപോലെ, "വീണവരെ ഉയർത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന അയല്ക്കാരെപ്പോലെ പ്രവർത്തിക്കുന്നവരായ സ്ത്രീപുരുഷന്മാരാൽ ഒരു സമൂഹം എങ്ങനെ പുനർനിർമിക്കാനാകും എന്ന് ഈ ഉപമ കാണിച്ചുതരുന്നു" (ഖ. 67). മാത്രമല്ല, "സ്നേഹത്തിൽ മാത്രം കണ്ടെത്താവുന്ന ഒരു പൂർത്തീകരണത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സഹനത്തോട് നിസ്സംഗത പുലർത്താൻ നമുക്കു സാധിക്കില്ല" (ഖ. 68).

ആധുനിക കാലഘട്ടത്തിലെ ഒരു പ്രവാചക സന്ദേശമായി സഭയ്ക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ലൂർദിലെ പുണ്യസങ്കേതത്തിലേക്ക് നമ്മുടെ ചിന്തകളെ തിരിച്ചുവയ്ക്കാം. യഥാർത്ഥത്തിൽ, നന്നായി പ്രവർത്തിക്കുകയും നല്ല ഫലോത്പാദനം നടത്തുകയും ചെയ്യുകയെന്നത് മാത്രമല്ല കാര്യമാത്ര പ്രസക്തമായിട്ടുള്ളത്. രോഗികളായവർ ദൈവജനത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളവരാണ്; സഭ അവരോടൊപ്പമാണ് മുന്നേറുന്നത്. കാരണം, അത് മാനുഷികതയുടെ ഒരടയാളമാണ്; ഈ മാനുഷീകഭാവത്തിൽ ഓരോരുത്തരും വിലപ്പെട്ടവരാണ്; ആരും പുറംതള്ളപ്പെട്ടവരോ, പിന്നാക്കം നിറുത്തപ്പെട്ടവരോ ആകാൻ പാടില്ല.

രോഗികളുടെ ആശ്രയമായ മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ രോഗികളായ എല്ലാവരെയും സമർപ്പിക്കുന്നു. അവരെ മാത്രമല്ല രോഗികളെ തങ്ങളുടെ ഭവനങ്ങളിൽ പരിചരിക്കുന്നവരെയും ജോലിയും ഗവേഷണവും സന്നദ്ധസേവനവും വഴിയായി പ്രവർത്തിക്കുന്നവരെയും വ്യക്തിപരവും സഭാപരവുമായ പൊതുസാമൂഹ്യപ്രവർത്തനം വഴിയായി സാഹോദര്യത്തിന്റെ കണ്ണികളെ കോർത്തിണക്കുന്നവരെയും അവളുടെ മാധ്യസ്ഥ്യത്തിനായി സമർപ്പിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും ഞാൻ എന്റെ ഹൃദയപൂർവമായ ആശീർവാദം നല്കുന്നു.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയത്തിൽനിന്നു 2023 ജനുവരി 10-ാം തിയതി നല്കപ്പെട്ടത്

**ഫ്രാൻസിസ് പാപ്പാ**

Ref: 3832 /K-5/KCBC/OL/DS 25.01.2023

# തിരുബാലസഖ്യദിനം

## 2023 ഫെബ്രുവരി 12

### കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സല മക്കളേ,

ആഗോള കത്തോലിക്കാ സഭ എല്ലാവർഷവും തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 12-ാം തീയതിയാണ്. കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വച്ച് ആഗോള കത്തോലിക്കാ സഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്ന വർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ

ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക. ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. കുടുംബത്തിൽ എപ്പോഴും താത്വികമായ വിശ്വാസപ്രബോധനമല്ല നടക്കുന്നത്. മറിച്ച് അവിടെ പങ്കുചേരുന്ന, ജീവിക്കുന്ന വിശ്വാസമാണുള്ളത്. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യ പ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തി ക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ' ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവ പദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെകുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാൻ ആണ് (14).

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച്, ടി. വി യുടെയും സ്മാർട്ട് ഫോണിന്റെയും ഇവയൊക്കെയും സാങ്കേതിക തലത്തിൽ ഇവരുടെ ബുദ്ധി വികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം

ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥ ലോകത്തേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞു മക്കൾ സ്വയം പ്രദർശിപ്പിച്ച് ജന ശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും. കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർ ത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാ ക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യ മാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാ വിരോധികളും

നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം.ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാല സഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാല നായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസ സത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽ പോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർ ത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം.

അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാല സഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ബിഷപ്പ് മാർ തോമസ് തറയിൽ**

ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികാർപ്പോസ്**

വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ ആബിർ അന്റോണിസാമി**

വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കൊച്ചി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

NB: 2023 ഫെബ്രുവരി 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# അഭിവന്ദ്യ പാറേക്കാട്ടിൽ പിതാവിന്റെ

## 36 – ാം ചരമവാർഷികം

### ഫെബ്രുവരി 20



ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ **കർദിനാൾ ജോസഫ് പാറേക്കാട്ടിൽ** പിതാവിന്റെ ചരമവാർഷിക ദിനമായ ഫെബ്രുവരി 20–ാം തീയതി വൈകുന്നേരം 6.00–ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# അമ്പതുനോമ്പാചരണം

ഈ വർഷം അമ്പതുനോമ്പ് ആരംഭിക്കുന്നത് **ഫെബ്രുവരി 19**-ാം തീയതി ഞായറാഴ്ച പാതിരാ മുതലാണ്.

# വിവാഹാശീർവ്വാദം

സഭയുടെ പാരമ്പര്യം അനുസരിച്ചും നോമ്പുകാലത്തിന്റെ പരിഹാരചൈതന്യം നിലനിറുത്തിയും വലിയനോമ്പിന്റെ ആദ്യ തിങ്കളാഴ്ച മുതൽ വലിയശനി ഉൾപ്പെടെയുള്ള ദിവസങ്ങളിലും വിവാഹാശീർവ്വാദം പൊതുവേ അനുവദനീയമല്ല (*അതിരൂപതാ നിയമസംഹിത 2009,* 149, പേജ് 144). വളരെ അത്യാവശ്യവും ഗൗരവവുമായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നോമ്പുകാലത്ത് വിവാഹം നടത്താൻ അനുവാദത്തിന് അപേക്ഷിക്കാവൂ. ഇക്കാര്യം ജനങ്ങളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. നോമ്പിൽ നടത്തുന്ന മനസ്സമ്മതങ്ങളും നോമ്പിന്റെ ചൈതന്യത്തിനു തടസ്സം വരുത്താത്ത വിധത്തിലായിരിക്കുവാൻ ശ്രദ്ധിക്കണമെന്നുകൂടി ജനങ്ങളെ യഥാസമയം അറിയിക്കേണ്ടതാണ്.

**നോമ്പിലെ ഞായറാഴ്ചകളിലും ഓശാന ഞായർ മുതൽ ഉയിർപ്പു ഞായർ വരെയുള്ള ദിവസങ്ങളിലും ഒരു കാരണവശാലും വിവാഹാശീർവ്വാദം നടത്താൻ അനുവദിക്കുന്നതല്ല.**

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# Transfers/Appointments

## 28 January 2023

| Rev. Fathers | Assistant |
|---|---|
| Alakkadan Peter | Karukutty |
| Appadan Antony (Akhil) | Nadel |
| Arampilly Paul (Jismon) | Ernakulam |
| Edassery Antony (Akhil) | Kuttipuzha |
| Edassery Antony (Ebin) | Vaikom |
| Kachirackal Mathew (Martin) | Malayattoor |
| Kaliyankara Varghese (Alan) | Thuravoor North |
| Kallookadan Michael (Bagio) | Koratty |
| Karakunnel Jiby RCJ | Meloor |
| Kattakkakathoottu Antony (Bony) | Muttom |
| Kavumpuram Bijo CMI | Kalady |
| Koovely Varghese (Sujith) | Koodalappad |
| Kottoor Jose (Freddy) | Mookkannoor |
| Kunnel Joseph (Vinu) | Narakkal |
| Maliakal Varkey (Athul) | Manjapra |
| Mampuzhakal James (Sachin) | Paravur (Kottakavu) |
| Mavely Poulose (Gifin) | Akaparambu |
| Moolan Joseph (Stephin) | Thirumudikunnu |
| Mulavarickal Joseph (Don) | Kanjoor |
| Mulavarickal Joseph (Nelbin) | Cheranalloor East |
| Mulavarickal Ouseph (Nikhil) | Pallippuram |
| Mulavarickal Varghese (Bibin) | Muringoor |
| Naduparambil Mathew (Anson) | Ernakulam |
| Naduvathusery Antony | Dept. of Catechism - Assistant Director |
| Njanakkal Joseph (Jins) | Aluva |
| Njavarakkattu Augustine (Jithin) | Vallam |
| Odanattu Raphael (Amal) | Puthenpally, (Light of Truth - Assistant Editor -Additional) |
| Padayatty Antony (Nikhil) | Edappally |
| Palachuvattil Cyril (Jence) | Angamaly |

| | |
|---|---|
| Pallippadan Poulose (Akhil) | Kidangoor |
| Pallippattu Paul (Nikhil) | Thripunithura |
| Pallippattu Joseph (Jith) | Kudavechoor |
| Palliyan Pradeeksh CMI | Naduvattom |
| Panatt Xavier (Binoy) | Chunangamvely |
| Periyappadan Augustine (Amal) | Elamkulam |
| Pozholiparambil Jacob (Jeff) | Aimury |
| Puthussery Varghese (Able) | Pulluvazhy |
| Thanippilly Antony | Thalayolaparambu |
| Thelekatt George (Aneesh) | Mattoor (relieved from Lisie Hospital - Assistant Director) |
| Thettayil George (Charles) | Edakkunnu |
| Thettayil Jacob (Jeslin) | Poonithura |
| Thiruthanathil Akhil CMI | Kalamassery |
| Thyparambil Antony (John) | Asokapuram |
| Vadakkan Joseph (Jose) | Kanjoor (relieved from Dept. of Catechism - Assistant Director) |
| Vazhappilly Thomas (Robin) | Kizhakkambalam |
| Vazhayil George (Tojo) | Ayathupady |
| Vellattuparambil Varghese (Praveen) | Elavoor (Kunnel) |
| Edassery Mathew | Koratty (Resident Priest) |
| | **Relieved from:** |
| Manayampilly Sebastian (Sibin) | Basilica, Angamaly |
| Panavelil James | Light of Truth - Assistant Editor |
| Chakkiyath Jino MS | Koratty |
| Chalangady James OCD | Muringoor |
| Elanjithara Tobin CMI | Kalamassery |
| Immanuel SJ | Kuttipuzha |
| Moleth Ronald Isch | Mattoor |
| Muthukattil Thomas MCBS | Cherthala |
| Vadakkemuriyil George MCBS | Akaparambu |

**Chancellor**



# നിര്യാതരായി



**സി. സിൽവി FCC**

എസ്.എച്ച്. പ്രൊവിൻസ്, എറണാകുളം

| | | |
|---|---|---|
| ജനനം | : | 16-12-1938 |
| ആദ്യവ്രതം | : | 07-05-1964 |
| മരണം | : | 11-01-2023 |



**സി. ഫെലിക്സ് FCC**

എസ്.എച്ച്. പ്രൊവിൻസ് എറണാകുളം

| | | |
|---|---|---|
| ജനനം | : | 15-05-1931 |
| ആദ്യവ്രതം | : | 16-05-1952 |
| മരണം | : | 02-01-2023 |



**സി. ട്രീസ ജെയിൻ CHF**

ജീവോദയ പ്രൊവിൻസ് ആലുവ

| | | |
|---|---|---|
| ജനനം | : | 04-10-1947 |
| ആദ്യവ്രതം | : | 09-05-1970 |
| മരണം | : | 10-01-2023 |



**സി. ഉഷറ്റ CMC**

സെന്റ് ജോസഫ്സ് കോൺവെന്റ്, തൃപ്പൂണിത്തുറ

| | | |
|---|---|---|
| ജനനം | : | 21-01-1936 |
| ആദ്യവ്രതം | : | 02-05-1959 |
| മരണം | : | 11-01-2023 |



**സി. ലിസ്യൂ റോസ് CMC**

ഇമ്മാക്കുലേറ്റ് കോൺവെന്റ്, പുത്തൻപള്ളി

| | | |
|---|---|---|
| ജനനം | : | 30-01-1946 |
| ആദ്യവ്രതം | : | 01-05-1972 |
| മരണം | : | 06-01-2023 |



**സി. കരുണ CSN**

സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം

| | | |
|---|---|---|
| ജനനം | : | 28-01-1941 |
| ആദ്യവ്രതം | : | 31-05-1970 |
| മരണം | : | 24-01-2023 |

---

# വാർത്തകളും വിശേഷങ്ങളും

## ക്രൈസ്തവൈക്യ പ്രാർത്ഥനാവാരത്തിൽ സമാധാനത്തിനു മുൻഗണനന

ജനുവരി 18 മുതൽ 25 വരെ നടക്കുന്ന ക്രൈസ്തവൈക്യ പ്രാർത്ഥനാവാരത്തിൽ സമാധാനസ്ഥാപനത്തിനാണു മുൻഗണനയെന്നു വത്തിക്കാൻ ക്രൈസ്തവൈക്യ കാര്യാലയത്തിന്റെ അദ്ധ്യക്ഷൻ കാർഡിനൽ കുർട്ട് കോഹ് പ്രസ്താവിച്ചു. ഉക്രൈനിൽ ക്രൈസ്തവർക്കിടയിൽ സമാധാനം സ്ഥാപിക്കപ്പെടുന്നതിനായി ഈ ആഴ്ച പ്രത്യേകം പ്രാർത്ഥിക്കണമെന്നു കാർഡിനൽ പറഞ്ഞു. ക്രൈസ്തവർ ക്രൈസ്തവരെ, അതിലും വിശേഷിച്ച്, ഓർത്തഡോക്സുകാർ ഓർത്തഡോക്സുകാരെ ആക്രമിക്കുന്ന സാഹചര്യമാണ് ഉക്രെയിനിലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഓർത്തഡോക്സ് ലോകത്തിലെ സംഘർഷങ്ങളും വിഭാഗീയതകളും മൂലം ഉക്രൈയിൻ യുദ്ധം ക്രൈസ്തവൈക്യത്തിനു വലിയ പ്രതിബന്ധമാണു സൃഷ്ടിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. മതം ഒരിക്കലും പ്രശ്നത്തിന്റെ ഭാഗമാകരുതെന്നും അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും ഭാഗമാകുകയാണു വേണ്ടതെന്നും കാർഡിനൽ വ്യക്തമാക്കി. സഭയിലെ സംഘർഷങ്ങൾക്കും വിഭാഗീയതകൾക്കും സംഭാഷണങ്ങളിലൂടെ പരിഹാരം കാണാനാണു സഭ ശ്രമിക്കുന്നതെന്നും കാർഡിനൽ പറഞ്ഞു. ക്രൈസ്തവൈക്യത്തിനുവേണ്ടിയുള്ള 56-ാമത് പ്രാർത്ഥനാവാരാഘോഷമാണ് ഈ വർഷം നടക്കുന്നത്.

## ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നാടിന്റെ അഭിമാനം: മുഖ്യമന്ത്രി

ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിന്റെ വികസനത്തിന് നൽകിയ സംഭാവനകൾ നിസ്തുലമെന്ന് മുഖ്യമന്ത്രി പിണറായി വിജ

യൻ അനുസ്മരിച്ചു. പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ ജൂബിലി ആഘോഷ സമാപന യോഗം കാർമൽഗിരി സെമിനാരിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അപവാദ ങ്ങൾക്ക് പകരം സംവാദങ്ങൾ നടത്തുവാനും അജ്ഞതയിൽനിന്ന് രൂപപ്പെടുന്ന ഭയത്തെയും വെറുപ്പിനെയും അറിവുകൊണ്ട് അതിജീവി ക്കാനും പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന സേവനം എടുത്തു പറയേണ്ടതാണ്. കേരള നവോത്ഥാനത്തിന്റെ തന്നെ നാഴികക്കല്ല് എന്ന് അറിയപ്പെടാൻ കെല്പുള്ളതാണ് ക്രിസ്ത്യൻ മിഷനറിമാരുടെ സംഭാവനകൾ. ചാവറയച്ചനെപ്പോലെയുള്ള സാമൂഹ്യ പരിഷ്കർത്താ ക്കളെ അദ്ദേഹം അനുസ്മരിച്ചു. ഓരോരുത്തർക്കും അവരവരുടെ മതവിശ്വാസം മുറുകെ പിടിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം നമ്മുടെ രാജ്യത്ത് ഉണ്ട്. എങ്കിലും, അടുത്തകാലങ്ങളിൽ ക്രൈസ്തവ സമൂഹം നേരിടേണ്ടിവന്ന ചില പ്രശ്നങ്ങളെ ഖേദപൂർവ്വം മുഖ്യമന്ത്രി അനുസ്മ രിച്ചു. കാലംചെയ്ത ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വേദപഠന ങ്ങളുടെ മികച്ച ഒരു അധ്യാപകനായിരുന്നു എന്ന ഫ്രാൻസിസ് മാർപാപ്പ യുടെ വാക്കുകൾ അദ്ദേഹം ഉദ്ധരിച്ചു.

സഭയിൽ തന്നെ ചരിത്ര പ്രാധാന്യം അർഹിക്കുന്ന ഒരു സ്ഥാപനമാണ് വൈദികാർഥികളുടെ പരിശീലനത്തിനും സഭയുടെ ഉന്നമനത്തിനുമായി കേരള കത്തോലിക്കാസഭയിലെ മൂന്ന് റീത്തുകളെയും സമന്വയിപ്പിച്ചു രൂപീകരിച്ച പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആലുവ. ഈ ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു യൂണിവേഴ്സിറ്റി നിലവാരത്തിലേക്ക് ഉയർത്താനുള്ള യജ്ഞത്തിന്റെ ഭാഗമാണ് ആലുവയിൽ പുതുതായി നിർമ്മിച്ചുക്കൊണ്ടി രിക്കുന്ന പി.ജി. ബ്ലോക്ക്. സുവർണ്ണ ജൂബിലിയുടെ സമാപന ചടങ്ങു കൾ വരാപ്പുഴ ആർച്ചുബിഷപ് ജോസഫ് കളത്തിപറമ്പിലിന്റെ കാർമിക ത്വത്തിൽ നടന്ന ദിവ്യബലിയോടെ ആരംഭിച്ചു. ബിഷപ് ജോർജ് മഠത്തി കണ്ടത്തിൽ ദൈവവചനം പങ്കുവച്ചു. ബിഷപ് സെൽവസ്റ്റർ പൊന്നു മുത്തൻ, ബിഷപ് ജോസഫ് കാരിക്കശേരി എന്നിവരും, അമ്പതോളം വൈദികരും അറുന്നൂറോളം വരുന്ന വൈദികാർത്ഥികളും സന്യസ്ത രും ദിവ്യബലിയിൽ പങ്കുചേർന്നു. പൊതുസമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. സി.ബി.സി.ഐ. പ്രസിഡന്റ് ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

# METROPOLITAN TRIBUNAL

## Annual Report of Marriage Cases in 2022

**First Instance Cases**

| | | |
|---|---|---|
| Cases pending at the beginning of the year 2022 | : | 11 |
| Cases introduced in 2022 | : | 100 |
| Total Cases disposed in 2022 | : | 94 |

Number of sentences given as per the grounds below:

| | Affirmative |
|---|---|
| Force or grave fear (CCEO c. 825) | 45 |
| Error of quality (CCEO c. 820 §2) | 17 |
| Fraud (CCEO c. 821) | 11 |
| Conditional consent (CCEO c. 826) | 3 |
| Total simulation (CCEO c. 824 §2) | 2 |
| Partial simulation – *contra bonum sacramentality* (CCEO c. 824 §2) | 2 |
| Partial simulation – *contra bonum fidei* (CCEO c. 824 §2) | 2 |
| Inability to assume (CCEO c.818 §3) | 2 |

| | | |
|---|---|---|
| Total affirmative sentences | : | 84 |
| Cases dismissed | : | 10 |
| Total cases disposed | : | 94 |
| Cases pending at the end of the year 2022 | : | 17 |

**Second Instance Cases**

| | | |
|---|---|---|
| Cases pending at the beginning of the year 2022 | : | 0 |
| Cases introduced in 2022 | : | 1 |
| Total Cases disposed | : | 0 |
| Cases pending at the end of the year 2022 | : | 1 |

**Fr. Dr. James Pereppadan**
**Vicar Judicial**

# വിശ്വാസപരിശീലനകേന്ദ്രം

1. **വിശ്വാസപ്രഖ്യാപന ദിനം:** 12-ാം ക്ലാസ്സിലെ കുട്ടികളുടെ വിശ്വാസപ്രഖ്യാപനം 2023 ഫെബ്രുവരി 05-ാം തീയതി ഞായറാഴ്ച (വചനദീപം, പേജ് 52 & 75 കാണുക).

2. **സന്മാർഗബോധന സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ:** 4, 7, 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പരീക്ഷ 2023 ഫെബ്രുവരി 11-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ. സ്കോളർഷിപ്പ് പരീക്ഷ നടക്കുന്ന സെന്ററുകൾ പിന്നീട് അറിയിക്കുന്നതാണ്.

3. **വാർഷിക പരീക്ഷ:** 1-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ പരീക്ഷ 2023 ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച: രാവിലെ 10.30 മുതൽ 12.30 വരെ.

4. **രണ്ടാം സെമസ്റ്റർ പരീക്ഷ:** 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് പരീക്ഷ 2023 ജനുവരി 29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് നടത്തി.

5. **പുനഃപരീക്ഷ:** 10, 11, 12 ക്ലാസ്സുകളിലെ ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14) ലഭിക്കാത്ത കുട്ടികൾക്കുമുള്ള പുനഃപരീക്ഷ യുടെ തീയതിയും സമയവും സ്ഥലവും പിന്നീട് അറിയിക്കുന്ന താണ്.

6. **NOEL - 2K22 Result:** ഇടവകകളിലെ വിശ്വാസപരിശീല കർക്കും കുട്ടികൾക്കുമായി സംഘടിപ്പിച്ച NOEL - 2K22 ന്റെ റിസൾട്ട് catechismernakulam YouTube Channel -ൽ പ്രസിദ്ധീ കരിച്ചിട്ടുണ്ട്.

7. **ഇന്റൻസീവ് ബൈബിൾ കോഴ്സ് (IBC):** IBC സംബന്ധമായി 2023 ജനുവരി 18-ാം തീയതി ബുധനാഴ്ച 16 ഫൊറോന കളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ സംയുക്ത ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചു. 31 പേർ പങ്കെടുത്തു.

8. **അനുമോദനവും യാത്രയയപ്പും:** 2023 ജനുവരി 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ബഹു. ഫൊറോന ഡയറക്ടർ അച്ചന്മാർ, ബഹു. സെക്രട്ടറി സിസ്റ്റേഴ്സ്, പ്രൊമോട്ടേഴ്സ് എന്നിവരുടെ സംയുക്തമീറ്റിംഗ് സംഘടിപ്പിച്ചു. സ്ഥലം മാറിപോകുന്ന അസിസ്റ്റന്റ് ഡയറക്ടർ ബഹു. ജോസ് വടക്കൻ അച്ചന് അനു മോദനവും നന്ദിയും രേഖപ്പെടുത്തി.

9. **2023 ജനുവരി മാസത്തിൽ നടന്ന പരിപാടികൾ:**

| | | | |
|---|---|---|---|
| 01 ഞായർ | : എലൈവ് | - | നൈപുണ്യ കോളേജ്, പൊങ്ങം. |
| 02 തിങ്കൾ | : എൻലൈറ്റ് | - | സെന്റ് ജോർജ് ചർച്ച്, പുത്തൻപള്ളി |
| 15 ഞായർ | : എൻലൈറ്റ് | - | സെന്റ് ജോൺ നെപുംസിയാനോസ്, കോന്തുരുത്തി. |

ഈ ഏകദിന ശില്പശാല ഇടവകകളിൽ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും അവിടത്തെ വിശ്വാസപരിശീലകർക്കും പള്ളിക്കമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിൽ അംഗങ്ങൾക്കും പ്രത്യേകം നന്ദി.

വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ടതും പരീക്ഷാ സംബന്ധമായും ഉള്ള സർക്കുലറുകൾ ഇടവകതലത്തിൽ ലഭ്യമാക്കുന്നതാണ്.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2023 ഫെബ്രുവരി – മാർച്ച്

**വിവാഹഒരുക്ക ധ്യാനം (MPR)**

ഫെബ്രുവരി 06–08 (കലൂർ) മാർച്ച് 06–08 (കലൂർ)
ഫെബ്രുവരി14–16 (കാലടി) മാർച്ച് 14–16 (കാലടി)
ഫെബ്രുവരി 21–23 (കാലടി) മാർച്ച് 28–30 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** (Contact: 8078334522)

ഫെബ്രുവരി03 –05

**അനുയാത്ര (ഓൺലൈൻ)**

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി
ഫെബ്രുവരി11

**ദമ്പതി ധ്യാനം** (Contact: 8078334522)

ഫെബ്രുവരി09 –12

**യൂദിത്ത് ഷൈൻ വിധവാധ്യാനം** (Contact: 9400836249)

ഫെബ്രുവരി17–19

**ഫാമിലി ഔവർ**

ഫെബ്രുവരി 04 – യൂദിത്ത്ഫോറം
ഫെബ്രുവരി 06 – എസ്.ഡി സിസ്റ്റേഴ്സ്
ഫെബ്രുവരി 18 – എം. സി. സി

**ലോകവിവാഹ ദിനാഘോഷം**

ഫെബ്രുവരി 12 - ലോക വിവാഹ ദിനമാണ്. ഈ ദിനത്തിന്റെ ഭാഗമായി യുവദമ്പതികൾക്കായി ഓൺലൈൻ സെമിനാർ നടത്തുന്നു. ഫെബ്രുവരി 11 ശനിയാഴ്ച വൈകുന്നേരം 6.00 മണി മുതൽ 9.00 മണി വരെ zoom platform ൽ നടത്തുന്ന ഈ പ്രോഗ്രാമിലേക്ക് എല്ലാ യുവദമ്പതികളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. Contact number 8078154524, 8281544111

**സ്നേഹജ്വാല ദമ്പതീധ്യാനം**

ഫെബ്രുവരി 12-14 സാൻജോനഗർ
ഫെബ്രുവരി 24-26 ചൂണ്ടി പത്താം പിയൂസ് ദേവാലയം

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

# Department of Evangelization &Prayer Groups

ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ 'ഈശോ സ്പർശ്' ധ്യാനം നടത്താൻ ക്ഷണിച്ച ഇടവകകളായ ദേവഗിരി, പ്രസാദഗിരി, പീച്ചാനിക്കാട്, ഇടവകൾക്കും, ബൈബിൾ കൺവെൻഷനുവേണ്ടി ക്ഷണിച്ച ആലങ്ങാട് കുന്നേൽ ഉണ്ണിമിശിഹാ പള്ളിയിലെയും ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും, കൈക്കാരന്മാർക്കും, സഹപ്രവർത്തകർക്കും, ഡിപ്പാർട്ടുമെന്റിനെ സാമ്പത്തികമായി സഹായിച്ചവർക്കും, പ്രത്യേകം നന്ദി അറിയിക്കുന്നു.

2023 ഫെബ്രുവരി 1-ാം തീയതി കലൂർ, റിന്യൂവൽ സെന്ററിൽ ഉച്ച കഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ പ്രാർത്ഥന കൂട്ടായ്മ നടത്തപ്പെടുന്നതാണ്.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### സഹൃദയ സോളാർ ദേശീയതലത്തിൽ 'എംപാനൽ' ചെയ്യപ്പെട്ടു

നാഷണൽ റൂഫ് ടോപ്പ് സോളാർ എംപാനൽഡ് വെണ്ടർ ലിസ്റ്റിൽ സഹൃദയ ടെക്കിന് അംഗീകാരം ലഭിച്ചു. കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രാലയത്തിന്റെ പുരപ്പുറ സോളാർ പദ്ധതി പ്രകാരം 40 ശതമാനം സബ്സിഡി ലഭ്യമാക്കി സോളാർ പദ്ധതികൾ ഗാർഹിക ഗുണഭോക്താക്കൾക്ക് സ്ഥാപിച്ചു കൊടുക്കുന്നതിനാണ് ഈ അംഗീകാരം പ്രയോജനപ്പെടുന്നത്. വിവിധ സ്ഥാപനങ്ങൾ, വീടുകൾ എന്നിവിടങ്ങളിലായി 500 കിലോവാട്ടിലധികം ശേഷിയുള്ള പുരപ്പുറ സോളാർ പദ്ധതികൾ സഹൃദയ നടപ്പാക്കിക്കഴിഞ്ഞു. സോളാർ വാട്ടർ ഹീറ്ററുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, പുകശല്യമില്ലാത്ത അടുപ്പുകൾ, മഴവെള്ളസംഭരണികൾ തുടങ്ങിയവയും സഹൃദയ നടപ്പാക്കി വരുന്നു. വിശദവിവരങ്ങൾക്ക് ഫോൺ: 8943710720

### കുടുംബോദ്ധാരണ പദ്ധതി

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയുടെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്കുള്ള മേഖലാതല ബോധവത്കരണ ക്ലാസ്സ് നെടുമ്പ്രക്കാട്, പറവൂർ, നീലീശ്വരം എന്നിവിടങ്ങളിൽ നടത്തി.

### പി.ഒ.സി. യിൽ ബയോഗ്യാസ്പ്ലാന്റ്

കേരള കത്തോലിക്കാ ബിഷപ്സ് കൗൺസിൽ ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി. യിൽ സഹൃദയ ടെക്കിന്റെ സാങ്കേതിക സഹായത്തോടെ ബയോഗ്യാസ് പ്ലാന്റ് പുനരുദ്ധരിച്ചു.

### സംരംഭകത്വ വികസന സെമിനാർ

എറണാകുളം ജില്ല വ്യവസായവകുപ്പിന്റെ സഹകരണത്തോടെ കിഴക്കമ്പലത്തും താന്നിപ്പുഴയിലും സംരഭകത്വവികസന സെമിനാർ സംഘടിപ്പിച്ചു.

### പരീക്ഷകൾ നടത്തി

സഹൃദയയുടെയും ജൻ ശിക്ഷൻ സൻസ്ഥാന്റെ സഹകരണത്തോടെ നടത്തുന്ന ഹാൻഡ് എംബ്രോയ്ഡറി പരിശീലനം, ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ പ്രിസർവേഷൻ പരിശീലനം എന്നിവയുടെ പരീക്ഷകൾ സംഘടിപ്പിച്ചു. രണ്ടുമാസം നീണ്ടുനിന്ന പരിശീലനത്തിൽ 66 അംഗങ്ങളാണ് പരീക്ഷയെഴുതി സർട്ടിഫിക്കറ്റിന് അർഹരായത്.

**പ്രഥമ ശുശ്രൂഷ പരിശീലനം**
ആസ്റ്റർമെഡിസിറ്റി ആശുപത്രിയുടെ സഹകരണത്തോടെ കിഴക്കമ്പലം, പെരുമ്പാവൂർ, തിരുനല്ലൂർ, കരുമാലൂർ എന്നിവിടങ്ങളിൽ പ്രഥമ ശുശ്രൂഷ പരിശീലനം സംഘടിപ്പിച്ചു.

**എബിസി പാചകമാതൃക ക്ലാസ്**
പറവൂർ- ഷിറോ ഫുഡിന്റെ എബിസി പാചകമാതൃക വീട്ടമ്മമാരെ പഠിപ്പിക്കുന്നതിനുള്ള ഓഫ് ലൈൻ ക്ലാസ് പറവൂർ റീജിയണൽ ഓഫീസിൽ സംഘടിപ്പിച്ചു.

**സാന്ത്വന സ്പർശം**
ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കായി പുത്തൻ പള്ളി പാരിഷ് ഹാളിൽ സാന്ത്വന സ്പർശം എന്ന പേരിൽ ഏകദിന പ്രചോദന പരിപാടി നടത്തി.

**'ജൽ ജീവൻ മിഷൻ' വികസന സെമിനാർ**
പാലക്കാട് ജില്ലയിലെ കരിമ്പ ഗ്രാമപഞ്ചായത്ത്, കുമരംപുത്തൂർ പഞ്ചായത്ത് എന്നിവടങ്ങളിൽ സഹൃദയയുടെ ആഭിമുഖ്യത്തിൽ ജലജീവൻ മിഷൻ പഞ്ചായത്ത്തല വികസന സെമിനാർ സംഘടിപ്പിച്ചു.

**ജലശ്രീ ക്ലബ്ബിന്റെ പ്രവർത്തനോദ്ഘാടനം**
പാലക്കാട് ജില്ലയിലെ അലനല്ലൂർ AMLP സ്കൂളിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി സഹൃദയയുടെ ആഭിമുഖ്യത്തിൽ ജലശ്രീ ക്ലബ്ബിന്റെ പ്രവർത്തനോദ്ഘാടനവും ജലശ്രീ ക്ലബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ 'എന്റെ കുടിവെള്ളം' മാഗസിൻ പ്രകാശനവും സംഘടിപ്പിച്ചു.

**ഹെൽത്ത് ക്ലബ് നേതൃതല യോഗം**
സഹൃദയ ഗ്രാമതലത്തിൽ നടപ്പാക്കിവരുന്ന ഹെൽത്ത് ക്ലബ് ലീഡർമാരുടെ യോഗം പൊന്നുരുന്നിയിൽ നടത്തി.

**ബയോഗ്യാസ് പരിശീലനം**
തൈക്കാട്ടുശേരി ബ്ലോക്ക് കൃഷി ഉദ്യോഗസ്ഥർക്കായി ബയോഗ്യാസ് പ്ലാന്റുകളെക്കുറിച്ചുള്ള പരിശീലനം സഹൃദയയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947, 9947489966**

- **Overseas Education - Work/Study Abroad**

  Attn: + 2 students & graduates - golden opportunity awaits you!

- Study, work & settle in your dream destinations- Canada, UK, Germany & Australia.
- New Zealand and other exciting countries.
- September 2023 intake is open.... Apply immediately.
- IELTS offline & online classes.(New batches on all Mondays)
- German Nursing-Free German Training, Free Recruitment-Call—9446491688

  8075351244 Send your CV and Transcript to placement.isg@gmail.com
- UK Nursing Free Recruitment

- **Talent Track:**

ടാലന്റ് ട്രാക്ക് വിദ്യാർത്ഥികൾക്കായി എല്ലാവർഷവും സംഘടിപ്പിക്കുന്ന സ്പോൺസർഷിപ്പ് സംഗമം 2023 ജനുവരി 15-ന് കലൂർ റിന്യൂവൽ സെൻട്രൽ സി. റാണിമരിയ ഹാളിൽ നടത്തപ്പെട്ടു. ജർമ്മനിയിൽ നിന്ന് Ms. Gaby Kuipers കുട്ടികളോട് സംവദിക്കുന്നതിന് എത്തിച്ചേർന്നിരുന്നു. വിദ്യാർത്ഥികൾ, ആനിമേറ്റേഴ്സ്, മാതാപിതാക്കൾ, സ്റ്റാഫ് എന്നിവർ ഉൾപ്പെടുന്ന 230പേർ പങ്കെടുത്തു. ആനിമേറ്റേഴ്സിന്റെ നിസ്വാർത്ഥ സേവനത്തിന് സമ്മാനം നൽകി ആദരിച്ചു.

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള Students, Parents, Employeesനെ സ്വാഗതം ചെയ്യുന്നു.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 0484-4029144**

- **ഫെബ്രുവരി മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് ഓഫ് ലൈൻ ബാച്ചുകൾ (A1, A2 & B1, B2 )
2. ജർമ്മൻ കോഴ്സ് പുതിയ ഓഫ് ലൈൻ ബാച്ചുകൾ (B2.1 )
3. സ്പാനിഷ് കോഴ്സ് പുതിയ ഓൺലൈൻ ബാച്ചുകൾ (A1, A2)
4. സിവിൽ സർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേ ബാച്ചുകൾ തുടരുന്നു (2022-2023)
5. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള NICSA 2022-2023 സ്പെഷ്യൽ സിവിൽ സർവീസ് പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു.
6. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ ആരംഭിച്ചു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs (FEBRUARY)**

- UGC NET PAPER I & PAPER II (Offline)
- BANK and SSC coaching Regular - offline (new admission all Mondays)
- PSC -Offline (new admission all Mondays)
- CAT, MAT
- IELTS -Regular, Online & Offline (All Mondays new batch)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്ന Naipunnya International Angamaly Branch -ൽ നിന്നും നിരവധി കുട്ടികൾ വിദേശ വിദ്യഭ്യാസം സാധ്യമാക്കി വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

– For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**(ഡയറക്ടർ)**

---

# AICO

## (Archdiocesan Institutions' Central Office)

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

ഡിസം. 29 ഏഴിക്കര എസ്റ്റേറ്റ്

**2023**

ജനുവരി 02 ജിയോ സെന്റർ, ചക്കരപ്പറമ്പ്

ജനുവരി 03
1. ഫാത്തിമ മാതാ ചർച്ച്, ചങ്ങമ്പുഴ
2. സെന്റ് ജോസഫ്സ് ചർച്ച്, മംഗലപ്പുഴ
3. ലൂർദ്ദ് സെന്റർ, ആലുവ

ജനുവരി 04
1. ജിയോ സെന്റർ, ചക്കരപ്പറമ്പ്
2. ഭാരത മാതാ കോളേജ്, തൃക്കാക്കര
3. നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി

ജനുവരി 12 ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി

ജനുവരി 13 മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ

ജനുവരി 16 സെന്റ് ജോസഫ് ഫെറോന ചർച്ച്, വൈക്കം

ജനുവരി 18 നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി, പൊങ്ങം

ജനുവരി 20 മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ

ജനുവരി 23 സേക്രഡ് ഹാർട്ട് ചർച്ച്, തിരുഹൃദയക്കുന്ന്

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# Archdiocesan Corporate Educational Agency

Renewal Centre, Azad Road, Kaloor, Kochi 682 017
www.ernakulameducationcouncil.com. Mob: 7907106119
email: ernakulameducation@gmail.com

## എൽ.പി. എസ്.ടി. അദ്ധ്യാപക ഒഴിവ്

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ഒഴിവു വരുന്ന ലോവർ പ്രൈമറി അദ്ധ്യാപക തസ്തികയിലേക്ക് നിശ്ചിത യോഗ്യത യുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. വിദ്യാ ഭ്യാസ ഏജൻസിയുടെ www.ernakulameducationcouncil.com എന്ന വെബ്സൈറ്റിൽ നിന്നും 07/02/2023 മുതൽ അപേക്ഷ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 28/02/2023-ന് അപേക്ഷ ഫീസായ 300/- രൂപയ്ക്കൊപ്പം റിന്യൂവൽ സെന്ററിലെ ആഫീസിൽ എത്തിക്കേണ്ടതാണ്. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടത്തുന്ന എഴുത്തുപരീക്ഷയ്ക്കും ഇന്റർവ്യൂവിനും ശേഷമായിരിക്കും നിയമനം നടത്തുന്നത്. 22/04/2023 ശനിയാഴ്ച രാവിലെ 10.00 മുതൽ 12.00 വരെ കലൂർ സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ വച്ചായിരിക്കും എഴുത്തു പരീക്ഷ. മറ്റു നിയമനങ്ങൾ 2024 മാർച്ച് 31 വരെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും.

### പ്രധാന അദ്ധ്യാപകരുടെ മീറ്റിംഗ്

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകർക്കായി 12/01/2023-ൽ ഒരു മീറ്റിംഗ് കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. 65 സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ സന്നിഹിതരായിരുന്നു. 2022-2023 അദ്ധ്യയന വർഷത്തിലെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരു ത്തുകയും തുടർപരിപാടികൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകു ന്നതിനുമുള്ള ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

## ടാലന്റ് ഹണ്ട് സ്കോളർഷിപ്പ് പരീക്ഷ

അതിരൂപത ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ ടാലന്റ് ഹണ്ട് സ്കോളർഷിപ്പ് പരീക്ഷ 2023 ജനുവരി 14-ാം തീയതി ശനിയാഴ്ച്ച നടത്തി. വിവിധ കേന്ദ്രങ്ങളിലായി 8471 പേർ വിവിധ കേന്ദ്രങ്ങളിലായി പരീക്ഷ എഴുതി. ഈ പരീക്ഷയിൽ 70 ശതമാനത്തിനു മുകളിൽ മാർക്ക് കരസ്ഥമാക്കുന്നവർക്ക് ക്യാഷ് അവാർഡും മെഡലും സർട്ടിഫിക്കറ്റും നൽകുന്നു. 90 ശതമാനത്തിനു മുകളിൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്കായി WHIZFEST - 2023 എന്ന മെഗാക്വിസ് മത്സരം പ്രത്യേകമായ ക്യാഷ് അവാർഡോടെ സംഘടിപ്പിക്കുന്നു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

---

# അതിരൂപതാ ഡയറി

## ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

**ജനുവരി 2022**

03 ദിവംഗതനായ ബനഡിക്ട് 16-ാമൻ മാർപാപ്പയുടെ മൃതദേഹ സംസ്കാര കർമ്മത്തിൽ പങ്കെടുക്കുന്നതിനായി റോമിൽ പോയി.

08-14 സീറോമലബാർ മെത്രാൻ സിനഡിൽ സംബന്ധിച്ചു.

17 കാർമൽഗിരി സെമിനാരിയിൽ നടന്ന ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ്ണ ജൂബിലി സമാപനസമ്മേളനത്തിൽ പങ്കെടുത്തു.

24 മേജർആർച്ചുബിഷപ്സ് ഹൗസിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ നവവൈദികരുടെ യോഗത്തിൽ പങ്കെടുത്തു.

* * * * *




BLESSED MARTYR
# RANI MARIA

RNI No. 3421/57
Date of Publication: 01-02-2023
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.
www.ernakulamarchdiocese.org